പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1268 — 03.12.2018- ൽ മറുപടിക്ക്

**ചെങ്കള-അക്കരങ്കര-ബേവിഞ്ച റോഡ് പുനരുദ്ധാരണം**

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് | | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കാസർകോട് മണ്ഡലത്തിലെ ചെങ്കള ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ചെങ്കള-അക്കരങ്കര-ബേവിഞ്ച റോഡ് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ളതാണോ എന്ന് വ്യക്തമാക്കുമോ;<br>(ബി) എങ്കിൽ പ്രസ്തുത റോഡ് ഏറ്റെടുത്തത് എന്നാണെന്നും അതിന്റെ നീളവും വീതിയും എത്രയാണെന്നും വ്യക്തമാക്കുമോ;<br>(സി) റോഡ് ഏറ്റെടുത്ത ശേഷം അതിന്റെ പുനരുദ്ധാരണത്തതിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;<br>(ഡി) പ്രസ്തുത റോഡിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; ആയത് ശോചനീയാവസ്ഥയിലാണെങ്കിൽ ഗതാഗതയോഗ്യമാക്കുന്നതിനായി സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ സംബന്ധിച്ച് വിശദമാക്കുമോ? | (എ) യും (ബി) യും (സി) യും (ഡി) യും | അതെ. 07.01.2012-ലെ സ.ഉ(കൈ)നം.5/2012/ പൊ.മ.വ പ്രകാരം ചെങ്കള - അക്കരങ്കര - ബേവിഞ്ച റോഡിനെ പ്രധാന ജില്ലാ റോഡായി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ റോഡിന്റെ നീളം 3.760 കി.മി-യും വീതി പരമാവധി 10 മീറ്റർ മുതൽ ഏറ്റവും കുറഞ്ഞത് 3.60 മീറ്റർ വരെയാണ്. ടാർ വീതി 3.80 മീറ്റർ മുതൽ 2.80 മീറ്റർ വരെയാണ്. 500 മീറ്റർ നീളത്തിൽ 3.60 മീറ്റർ വീതിയിൽ മണ്ണ് റോഡ് ഭാഗവും ഉണ്ട്. ജില്ലാ റോഡായി പ്രഖ്യാപിച്ചതിനു ശേഷം പുനരുദ്ധാരണത്തിനായി തുകയൊന്നും ചെലവഴിച്ചിട്ടില്ല. പ്രസ്തുത റോഡിന്റെ മിക്ക സ്ഥലങ്ങളിലും നിലവിലുള്ള വീതി 6 മീറ്ററിൽ താഴെയാണ്. കുറഞ്ഞത് 8 മീറ്റർ വീതിയെങ്കിലും ലഭ്യമായാൽ മാത്രമേ റോഡ് അഭിവൃദ്ധിപ്പെടുത്തൽ സാധ്യമാവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ